This booklet contains 20 pages.
इस पुस्तिका में 20 पृष्ठ हैं ।

# JP-1-09

**PAPER I / प्रश्न-पत्र I**
**Malayalam Language Supplement**
**मलयालम भाषा परिशिष्ट**
**PART IV & V / भाग IV & V**

**Test Booklet Code**
**परीक्षा पुस्तिका संकेत**

# A

**Test Booklet No.**
**परीक्षा पुस्तिका संख्या**

**325845**

**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए निर्देशों को ध्यान से पढ़ें ।**

**For instructions in Malayalam see Page 2 of this Booklet. / मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें ।**

## *INSTRUCTIONS FOR CANDIDATES*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Parts I, II, III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Blue / Black Ball Point Pen only** for writing particulars on this page / marking responses in the Answer Sheet.
5. The CODE for this Language Booklet is A. Make sure that the CODE printed on Side-2 of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has two Parts, IV and V, consisting of 60 Objective Type Questions, each carrying 1 mark :
   Part-IV : Language I - (Malayalam) (Q. 91 to Q. 120)
   Part-V : Language II - (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a language other than Malayalam, please ask for a Test Booklet that contains questions on that language. The languages being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part -V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो या तो भाग **IV** (भाषा I) **या** भाग **V** (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** ।
2. परीक्षार्थी भाग I, II, III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से ।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं ।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल नीले/काले बॉल पॉइंट पेन** का प्रयोग करें ।
5. इस भाषा पुस्तिका का **संकेत है A** । यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है । अगर यह भिन्न हो तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ ।
6. इस परीक्षा पुस्तिका में **दो** भाग IV और V **हैं**, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा I - (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा II - (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं । **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए ।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग-IV) में चुनी गई भाषा से भिन्न हो ।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें ।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है ।

Name of the Candidate (in Capitals) : ______________________
परीक्षार्थी का नाम (बड़े अक्षरों में) :
Roll Number : in figures ______________________
अनुक्रमांक : (अंकों में)
: in words ______________________
: (शब्दों में)
Centre of Examination (in Capitals) : ______________________
परीक्षा केन्द्र (बड़े अक्षरों में) :
Candidate's Signature : ______________ Invigilator's Signature : ______________
परीक्षार्थी के हस्ताक्षर : निरीक्षक के हस्ताक्षर :
Facsimile signature stamp of
Centre Superintendent ______________________

ഈ പുസ്തികയിൽ 20 താളുകൾ ഉണ്ട്. **JP-1-09**

പരീക്ഷാ ചെറുപുസ്തക സങ്കേതം

**A**

# പേപ്പർ I

# മലയാളം ഭാഷാ അനുബന്ധം

## ഭാഗം IV & V

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിയ്ക്കുക.**

## പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷാ I) അല്ലെങ്കിൽ V (ഭാഷാ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കു-വേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I, II, III ഉം ഭാഗമോ മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിൽ ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല / കറുപ്പ് ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **A** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **സൈഡ് 2**-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന രണ്ടു ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം IV - ഭാഷാ I (മലയാളം) (ചോദ്യം 91 - 120)
   ഭാഗം IV - ഭാഷാ II (മലയാളം) (ചോദ്യം 121 - 150)
7. ഭാഗം IVൽ (ഭാഷാ I) **30** ചോദ്യങ്ങളും, ഭാഗം Vൽ (ഭാഷാ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I / ഭാഷ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐശ്ചികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിൽ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് (മുഴുത്ത അക്ഷരത്തിൽ) ______________________

റോൾ നമ്പർ : (അക്കത്തിൽ) ______________________

: (അക്ഷരത്തിൽ) ______________________

പരീക്ഷാ കേന്ദ്രം (മുഴുത്ത അക്ഷരത്തിൽ) ______________________

പരീക്ഷാർത്ഥിയുടെ ഒപ്പ് ______________ ഇൻവിജിലേറ്ററിന്റെ ഒപ്പ് ______________

Facsimile signature stamp of
Centre Superintendent ______________________

Candidates should answer questions from the following Part only if they have opted for **MALAYALAM** as **LANGUAGE – I.**

# വിഭാഗം IV
## ഭാഷാ I
## മലയാളം

**നിർദ്ദേശങ്ങൾ :** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചതിനുശേഷം **91** മുതൽ **99** വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുക്കുക.

മധ്യതിരുവിതാംകൂറിലെ ദേവീക്ഷേത്രങ്ങളിലും ഭദ്രകാളിക്കാവുകളിലും ദേവതാ പ്രീണനത്തിനായി അനുഷ്ഠിച്ചു വരുന്ന കലാരൂപമാണ് പടയണി. അഗ്നി പകർന്ന ചൂട്ടുകറ്റകളുടെ പശ്ചാത്തലമുള്ളതിനാലാവണം 'ചൂട്ടുപടയണി' എന്ന് ഈ അനുഷ്ഠാനം അറിയപ്പെടുന്നത്. പടയണി നടന്നു വരുന്ന ക്ഷേത്രങ്ങളിലധികവും കാവുകളായിരുന്നു. 'കാവ്' എന്ന പദം നിലനിർത്തിക്കൊണ്ടുതന്നെ അതിനോട് ക്ഷേത്രം എന്ന് കൂട്ടിച്ചേർത്തിട്ടുള്ളതിൽ നിന്നും ഇതു മനസ്സിലാക്കാം. മഠത്തിൽക്കാവ് ഭഗവതിക്ഷേത്രം, പനമുറ്റത്തുകാവ് ദേവീക്ഷേത്രം തുടങ്ങിയവ ഇപ്രകാരം പടയണി നടക്കുന്ന കാവുകളുടെ രൂപാന്തരമായി അറിയപ്പെടുന്നു.

പടയണിയുടെ പുരാവൃത്തം ദാരിക നിഗ്രഹവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ദാരിക നിഗ്രഹം കഴിഞ്ഞ് തുള്ളി അലറിവരുന്ന കാളിയുടെ കോപമടക്കുവാൻ ശിവ നിർദ്ദേശാനുസരണം ഭൂതഗണങ്ങൾ വിവിധ കോലങ്ങൾ കെട്ടിയാടി. നൃത്തരൂപങ്ങളും വാദ്യമേളങ്ങളും ഹാസ്യ സംവാദങ്ങളുമൊക്കെ അവർ നടത്തിയെങ്കിലും കാളിയുടെ കോപമടക്കാനായില്ല. ഒടുവിൽ സംഹാരരൂദ്രയായ കാളിയുടെ പ്രതിരൂപം പാളയിലെഴുതി ഭൈരവിക്കോലമായി കാളിയുടെ മുമ്പിൽ തുള്ളി. ഇതു കണ്ട് കാളി കോപമകന്ന് പൊട്ടിച്ചിരിച്ചു. പുരാവൃത്തത്തിലെ ഈ ഭാഗമാണ് പടയണിക്ക് ആധാരമായിട്ടുള്ളത്.

പടയണിയുടെ ഒന്നാം ദിവസം ചൂട്ടുവെയ്പ് എന്ന അനുഷ്ഠാനമാണ്. ശ്രീകോവിലിൽനിന്നു ശാന്തിക്കാരൻ നൽകുന്ന ദീപം ചൂട്ടിലേക്ക് പകർന്ന് അതുമായി ക്ഷേത്രം വലംവെച്ച് അഗ്നികോണിൽ സമർപ്പിക്കുന്ന ചടങ്ങാണിത്. ആദ്യത്തെ നാലു ദിവസങ്ങളിൽ ചൂട്ടുവലത്ത് അനുഷ്ഠാനപൂർവം നടത്തുന്നു. രണ്ടാം ദിവസം താവടിതുള്ളലാണ്. കാളിയുടെ യുദ്ധസന്നദ്ധമായ സൈന്യത്തിന്റെ പ്രകടനമാണിത്. തുള്ളൽക്കാർ കൈമണിയുടെ താളത്തിനൊപ്പിച്ച് മെയ്‌വഴക്കത്തോടെ ചുവടു ചവിട്ടുന്ന ചടങ്ങാണ് താവടി. മൂന്നാം ദിവസം ഗണപതിക്കോലം തുള്ളുന്നു. നാലാം ദിവസം ചൂട്ടുവലത്തും അരക്കുതിരയും പുലവൃത്തവും അനുഷ്ഠിക്കുന്നു. സമൃദ്ധമായ വിളവു നൽകിയതിന് അന്നപൂർണേശ്വരിയായ ഭഗവതിയോടു നന്ദി വിളിച്ചു ചൊല്ലുന്ന കാർഷിക സംസ്കൃതിയാണ് പുലവൃത്തം. നടയ്ക്കു നേരെ വിളക്ക് കത്തിച്ചുവെച്ച് അതിന് ചുറ്റും പുലവൃത്തം നടത്തിയതിനുശേഷമാണ് അരക്കുതിര കളത്തിലെത്തുന്നത്. തെങ്ങിൻ കുരുത്തോലയും പച്ചപ്പാളയുമുപയോഗിച്ച് കെട്ടിയുണ്ടാക്കുന്ന മൂന്നുനാല് അരക്കുതിരകളും അവയെ നയിക്കുന്ന ഒരു പട്ടാണിയും കളത്തിലുണ്ടാകും. ആദ്യകാല വാണിജ്യബന്ധങ്ങളുടെ സൂചന ഈ അരക്കുതിരകളുടെ തുള്ളലിൽ ദൃശ്യമായിരുന്നു. മുസ്ലീം വണിക്കുകളുമായുള്ള ബന്ധം ഇതിന്റെ പാട്ടുകളിൽ നിഴലിച്ചിരുന്നു. അരക്കുതിരയ്ക്കു ശേഷം ഒരു ഭൈരവിക്കോലം തുള്ളി അന്നത്തെ ചടങ്ങുകൾ അവസാനിപ്പിക്കുന്നു. അഞ്ചാം ദിവസം (മേടം 5) പ്രസിദ്ധമായ അടവി അനുഷ്ഠിക്കുന്നു. അടവിയുടെ അവസാനം ഗന്ധർവൻ വന്ന് ഈതിബാധകളെയെല്ലാം അമ്പെയ്ത് അകറ്റുന്നു. തുടർന്ന് ചൂരൽ അടവി നടക്കും. ഈ ദിവസമാണ് കാലമാടൻകോലം തുള്ളുന്നത്. ആറാം ദിവസം ഇടപ്പടേനിയാണ്. ചൂട്ടുവലത്തടക്കമുള്ള പതിവു ചടങ്ങുകൾക്ക് ശേഷം വിനോദ ഇനങ്ങൾ അരങ്ങേറുന്നു. ഏഴാം ദിവസം (മേടം 7) വലിയ പടയണി അനുഷ്ഠിക്കുന്നു. സന്ധ്യയോടെ വേലകളി ആരംഭിക്കും. എതിരേൽപ്പിനും മറ്റ് ചടങ്ങുകൾക്കും ശേഷം പടയണി ആരംഭിക്കും. പടയണിയിലെ എല്ലാ ഇനങ്ങളും അന്ന് അവതരിപ്പിക്കുന്നു. കോലങ്ങളുടെ എടുത്തുവരവും കാപ്പൊലിക്കലും കഴിഞ്ഞ് കോലങ്ങൾ ഓരോന്നായി തുള്ളി ഒഴിയുന്നു. വെളുപ്പിന് നാലു മണിയോടെ

പുറം കളത്തിൽ കാലൻകോലം കാപ്പൊലിച്ച് തിരുമുറ്റത്ത് എത്തുന്നു. മാർക്കണ്ഡേയചരിതംകഥ പാടി കാലൻ-കോലം തുള്ളിയൊഴിയുന്നു. തുടർന്ന് ആപ്പിണ്ടീംവിളക്കുമാണ്. വാഴപ്പോളയും അലകും ഉപയോഗിച്ച് നാലുകോണു-കളോടെ കൂടാരത്തിന്റെ ആകൃതിയിൽ നിർമ്മിച്ച് ഏറ്റവും മുകളിലായി തെങ്ങിൻ പൂക്കുലയും അതിനുള്ളിൽ പന്തവും നിറച്ച് നാലു ചുറ്റിലും ദീപം തെളിയിക്കുന്നതാണ് ആപ്പിണ്ടി. അഗ്നി സ്വരൂപിണിയായി കളത്തിലേക്കുവന്ന ഭഗവതിയെ ശ്രീകോവിലിലേക്കു തിരി-കെയയക്കുന്ന ചടങ്ങാണിത്. മേടം പതിനൊന്നിനു പുലർച്ചെ മംഗളഭൈരവി തുള്ളുന്നതോടെ പടയണിച്ചടങ്ങുകൾ അവസാനിക്കുന്നു.

91. 'കാർഷികസംസ്കൃതി' എന്നാൽ എന്ത് ?
(1) കർഷകരുടെ സംസ്കാരം
(2) കാർഷികവൃത്തി
(3) കൃഷി സംസ്കാരം
(4) കൃഷിവേല

92. കാളിയുടെ കോപമടങ്ങിയതെങ്ങനെ ?
(1) ഭൂതഗണങ്ങൾ നൃത്തമാടിയ-പ്പോൾ
(2) കോലം വരച്ചപ്പോൾ
(3) ഭൈരവിക്കോലം കെട്ടിയാടിയ-പ്പോൾ
(4) ഹാസ്യസംവാദങ്ങൾ കേട്ട് പൊട്ടിച്ചിരിച്ചപ്പോൾ

93. ഏത് കഥ ചൊല്ലിയാണ് കാലൻ-കോലം തുള്ളുന്നത് ?
(1) മാർക്കണ്ഡേയചരിതം
(2) ദാരികവധം
(3) ഭഗവതീചരിതം
(4) ശിവപുരാണം

94. മുസ്ലീം വണിക്കുകളുമായുള്ള ആദ്യ-കാല വാണിജ്യബന്ധം സൂചിപ്പി-ക്കുന്ന പടയണിയുടെ ഭാഗമേത് ?
(1) താവടി തുള്ളൽ
(2) അരക്കുതിരകളുടെ തുള്ളൽ
(3) പട്ടാണി തുള്ളൽ
(4) പുലവൃത്തം

95. നിഗ്രഹം എന്ന വാക്കിന്റെ അർത്ഥമെന്ത് ?
(1) വധം
(2) അപമാനം
(3) യുദ്ധം
(4) വാഗ്വാദം

96. കൃഷിസമൃദ്ധിക്കുവേണ്ടിയുള്ള പ്രാർ-ത്ഥനകൾ ഉൾക്കൊള്ളുന്ന പടയണി-യുടെ ഭാഗമേത് ?
(1) ഗണപതിക്കോലം
(2) വേലകളി
(3) അടവി
(4) പുലവൃത്തം

97. ബാധയകറ്റുന്ന ചടങ്ങ് പടയണി-യിലെ ഏത് അനുഷ്ഠാനത്തിലാണ് നടക്കുന്നത് ?
(1) ഇടപ്പേനി
(2) കാലമാടൻകോലം
(3) അടവി
(4) കാപ്പൊലിക്കൽ

98. പടയണി എന്ന കലാരൂപം 'ചൂട്ടുപടയണി' എന്നുകൂടി അറിയ-പ്പെടുന്നതെന്തുകൊണ്ട് ?
(1) ചൂടുകാലത്ത് അവതരിപ്പി-ക്കുന്നതുകൊണ്ട്
(2) അഗ്നികുണ്ഠത്തിനു ചുറ്റും ആടുന്നതുകൊണ്ട്
(3) അലങ്കാരത്തിന് കറ്റകൾ ഉപയോഗിക്കുന്നതുകൊണ്ട്
(4) ചൂട്ടുകറ്റകൾ ഉപയോഗിക്കുന്ന-തുകൊണ്ട്

99. പടയണി നടന്നുവരുന്ന ക്ഷേത്രങ്ങ-ളെല്ലാം ഒരുകാലത്ത് കാവുകളായിരുന്നു എന്ന് പറയുന്നതെന്തുകൊണ്ട് ?
(1) കാവിനോട് ചേർന്ന സ്ഥല-ങ്ങളിൽ അവതരിപ്പിക്കുന്നതു കൊണ്ട്
(2) ക്ഷേത്രനാമങ്ങളിൽ 'കാവ്' ഉള്ളതുകൊണ്ട്
(3) ക്ഷേത്രങ്ങളിൽ കാവ് സംരക്ഷിക്കപ്പെടുന്നതുകൊണ്ട്
(4) ക്ഷേത്രവളപ്പിൽ കാവുകളുടെ അടയാളം ഇപ്പോഴും നിലനിൽ-ക്കുന്നതുകൊണ്ട്

തന്നിരിക്കുന്ന കവിതാഭാഗം വായിച്ച് **100** മുതൽ **105** വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

'ഇന്നു ഞാൻ നാളെ നീ, ഇന്നു ഞാൻ നാളെ നീ
ഇന്നും പ്രതിധ്വനിക്കുന്നിതെന്നോർമ്മയിൽ !
പാതവക്കത്തെ മരത്തിൻ കരിനിഴൽ
പ്രേതം കണക്കെ ക്ഷണത്താൽ വളരവേ

എത്രയും പേടിച്ചരണ്ട ചില ശുഷ്ക
പത്രങ്ങൾ മോഹം കലർന്നു പതിക്കവേ,
ആസന്നമൃത്യുവാം നിശ്ശേഷ്ടമാരുതൻ
ശ്വാസമിടയ്ക്കിടയ്ക്കാഞ്ഞു വലിക്കവേ

താരകരത്ന ഖചിതമായ പട്ടിനാൽ
പാരമലംകൃതമായ വിൺപെട്ടിയിൽ
ചത്തപകലിൻ ശവം വച്ചെടുപ്പതി-
നാത്തമൗനം നാലുദിക്കുകൾ നിൽക്കവേ

**100.** കാറ്റിന്റെ മരണവെപ്രാളം കവിതയിൽ എങ്ങനെയാണ് അനുഭവപ്പെടുന്നത് ?
(1) ശ്വാസം ഇടയ്ക്കിടെ ആഞ്ഞുവലിക്കുന്നതുകൊണ്ട്
(2) നിശ്ശേഷ്ടനായതുകൊണ്ട്
(3) ശുഷ്കപത്രങ്ങൾ പൊഴിക്കുന്നതുകൊണ്ട്
(4) പേടിച്ചരണ്ടതുകൊണ്ട്

**101.** ആകാശത്തിൽ ഏതിന്റെ ഛായയാണ് കവി ദർശിക്കുന്നത് ?
(1) രത്നാലംകൃതമായ പട്ടിന്റെ
(2) പകലിന്റെ
(3) ശവപ്പെട്ടിയുടെ
(4) നഖത്തിന്റെ

**102.** കവിതാഭാഗത്തെ "വിൺപെട്ടി'യെ എങ്ങനെ വിഗ്രഹിക്കാം ?
(1) വിൺ പോലുള്ള പെട്ടി
(2) വിണ്ണാകുന്ന പെട്ടി
(3) വിണ്ണിലെ പെട്ടി
(4) പെട്ടിപോലുള്ള വിണ്ണ്

**103.** ആകാശത്ത് ഏതിന്റെ ശവമാണ് അടക്കം ചെയ്തിരിക്കുന്നത് ?
(1) മാരുതന്റെ
(2) നക്ഷത്രങ്ങളുടെ
(3) ദിക്കുകളുടെ
(4) പകലിന്റെ

**104.** പാതവക്കത്തെ മരങ്ങളെ കവി എങ്ങനെ ഭാവന ചെയ്യുന്നു ?
(1) ശവപ്പെട്ടിപോലെ
(2) പ്രേതംപോലെ
(3) താരാലംകൃതമായ ആകാശംപോലെ
(4) ശുഷ്ക മോഹംപോലെ

**105.** കവി മനസ്സിൽ ഇന്നും പ്രതിധ്വനിക്കുന്നതെന്ത് ?
(1) നിശ്ശേഷ്ട മാരുതൻ
(2) മരത്തിൻ കരിനിഴൽ
(3) ഓർമ്മകൾ
(4) ഇന്നു ഞാൻ നാളെ നീ

**നിർദ്ദേശം :** ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തു ഉത്തരമെഴുതുക.

**106.** വായിക്കുമ്പോൾ ഒരു വാക്യത്തിലെയോ/ഖണ്ഡികയിലെയോ വ്യത്യസ്ത ഭാഗങ്ങൾ വിദ്യാർത്ഥികളെ മനസ്സിലാക്കുന്നതിന് സഹായിക്കുന്നത് താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണ് ?

(1) ക്രിയാവിശേഷണങ്ങൾ

(2) സർവ്വനാമങ്ങൾ

(3) സംജ്ഞാനാമം

(4) പദസംഹിതാക്രിയകൾ

**107.** താഴെ കൊടുത്തിരിക്കുന്നവയിൽ ഏതു വാക്യമാണ് ശരിയായിട്ടുള്ളത് [സൂചന : ആരാണ് ബസ്സു പിടിക്കാൻ ഓടുന്നതെന്ന് ചിന്തിക്കുക.]

(1) ബസ്സു പിടിക്കാൻ ധൃതിയിൽ ഓടുമ്പോൾ, ആ വയസ്സൻ തെന്നി വീണു.

(2) ബസ്സു പിടിക്കാൻ ധൃതിയിൽ ഓടുമ്പോൾ ആ വയസ്സന്റെ മണിപ്പേഴ്സ് പോക്കറ്റിൽ നിന്നു താഴെ വീണു.

(3) ബസ്സു പിടിക്കാൻ ഓടുമ്പോൾ, ആ വയസ്സന്റെ മുഖം മുഴുവനും വിയർപ്പുകൊണ്ട് ആവരണം അണിഞ്ഞിരുന്നു.

(4) ബസ്സു പിടിക്കാൻ ഓടുമ്പോൾ ആ വയസ്സൻ അയാളുടെ വർദ്ധിക്കുന്ന വയസ്സിനെ ശപിച്ചിരുന്നു.

**108.** ഒരു പ്രസ്താവനയൊഴിച്ചു ശ്രവ്യ വൃത്തിയെക്കുറിച്ചു വിവരിക്കുന്നതാണ് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളെല്ലാം. അത് ഏതാണ് ?

(1) വക്താവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രവചിക്കാൻ ശ്രദ്ധാപൂർവ്വമായ ശ്രവണം കൊണ്ട് സാധിക്കും.

(2) ഐഛികമായി തെരഞ്ഞെടുത്തു ശ്രവിക്കാൻ ജനങ്ങൾക്കു കഴിയും. അതോടൊപ്പം അനാവശ്യമായതിനെ തിരസ്കരിക്കാനുള്ള കഴിവുമുണ്ടാകും.

(3) നല്ലൊരു ശ്രോതാവിനുള്ള കഴിവു നേടുന്നതു സ്വാഭാവികമായിട്ടാണ് പരിശീലനം കൊണ്ടല്ല.

(4) എല്ലാ ആശയവിനിമയങ്ങളുടെയും പകുതിയിലധിക പങ്കും ശ്രവിക്കുന്നതിനാണ്.

**109.** 'മഴ' എന്ന വാക്കിന്റെ ഉച്ചാരണത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ നിങ്ങൾ

(1) ഐഛികമായി മലയാളത്തിൽ സമാനതയുള്ള മറ്റു പദങ്ങളെ പ്രയോഗിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു.

(2) അതിന്റെ അർത്ഥത്തിനെക്കുറിച്ചു ക്ലാസ്സിൽ വിവരിക്കുന്നു.

(3) ഒരു ഉച്ചാരണ നിഘണ്ടു ഉപയോഗിച്ചു ആ പദം ഉച്ചരിച്ചു ശ്രവിക്കാൻ പ്രേരിപ്പിക്കുന്നു.

(4) അത് ഒരു വിദേശ ഭാഷയിലെ പദമാണെന്ന് വിദ്യാർത്ഥികളോട് പറയുന്നു.

110. ദൃശ്യവിവരങ്ങളുടെ അടിസ്ഥാനത്തിനും തലക്കെട്ടിന്റെയും അധ്യായങ്ങളുടെ തലക്കെട്ടുകളുടെ അടിസ്ഥാനത്തിലും കഥയുടെ ഉള്ളടക്കത്തെ ചിന്തിക്കുക.

നിങ്ങൾക്കു ജിജ്ഞാസയുള്ള ഏതിനെക്കുറിച്ചും കുറിച്ചു വയ്ക്കുക.

വായന എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രക്രിയ.

(1) ഭാവന

(2) പദശേഷിയെക്കുറിച്ചുള്ള പരീക്ഷ

(3) മുന്നറിവിന്റെ ഉപയോഗം

(4) പ്രവചനം

111. ഒരു ഹോട്ടലിലെ അറിയിപ്പിനെക്കുറിച്ചു പഠിക്കുക. ഏതു വരി/വരികളിൽ തെറ്റുണ്ട് ?

| |
|---|
| എരിവും പുളിപ്പുമുള്ള പലഹാരങ്ങളും<br>ഇപ്പോൾ തയ്യാറാക്കിയ ചോക്കലേറ്റു<br>ബിസ്കറ്റുകളും ആസ്വദിക്കുക.<br>അവകളെ രുചിച്ചു നോക്കുക. |

(1) 1-ഉം 2-ഉം വരികൾ

(2) 1-ാമത്തെ വരി

(3) 1-ഉം 3-ഉം വരികൾ

(4) 3-ാമത്തെ വരി മാത്രം

112. കണ്ടുപിടുത്തം എന്ന തത്വത്തെ അടിസ്ഥാനമാക്കി, വിദ്യാർത്ഥികൾ വ്യാകരണ ക്ലാസ്സിൽ താഴെ കൊടുത്തതിൽ ഏതിൽ ഏർപ്പെടുന്നു ?

(1) വ്യാകരണ ബന്ധിതമായ പ്രവൃത്തികളിൽ ഏർപ്പെട്ടു ചിന്തിച്ചും സഹകരിച്ചും പ്രവർത്തിക്കുക.

(2) അനവധി ഉദാഹരണങ്ങളിലൂടെ ചില നിയമങ്ങൾ രൂപീകരിക്കുക.

(3) ഒരു പ്രവൃത്തി പൂരിപ്പിക്കുമ്പോൾ വ്യാകരണ നിയമങ്ങളെക്കുറിച്ചു ബോധപൂർവ്വം ചിന്തിക്കുക.

(4) വ്യാകരണ പിഴവുകൾ ഉണ്ടാകാതിരിക്കാൻ അധ്യാപകൻ സഹായസഹകരണങ്ങൾ ചെയ്യുന്നു.

113. അംഗചേഷ്ടാപരമായ ബുദ്ധിയെന്ന പഠനശേഷിയുള്ള വിദ്യാർത്ഥികൾക്കു

(1) അധികരിച്ച ശ്രവണശേഷിയും ചിത്രങ്ങളെയപേക്ഷിച്ചു പദങ്ങളിൽ ചിന്തിക്കാനുമുള്ള കഴിവുണ്ടായിരിക്കും.

(2) കണ്ണും കയ്യുംകൊണ്ടു നല്ല രീതിയിലുള്ള ഏകോപനവും സന്തുലിതാവസ്ഥയോടുകൂടി ശാരീരിക ചലനങ്ങൾകൊണ്ടുള്ള പ്രകടനവും

(3) സംഗീതത്തോട് അഭിനിവേശവും ശബ്ദത്തെയും തരംഗങ്ങളെയും മാതൃകകളെയുംപറ്റി ചിന്തിക്കാനുള്ള കഴിവ്

(4) വിവരങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതു താത്വികമായും അക്കങ്ങളുടെ മാതൃകകളായും ആശയപരമായി ചിന്തിക്കാനുള്ള കഴിവ്

**114.** ഒരു വിദ്യാർത്ഥിയുടെ 'നിശ്ചിതമായ അക്കാദമിക തല്പരത' താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണ് ?
(1) ചിലപ്പോൾ നിസ്സാരവും അപ്രതീക്ഷിതവുമായ പ്രതികരണങ്ങൾ നടത്തുന്നു.
(2) മറ്റുള്ളവരുടെ ശേഷികളും കഴിവുകളും പരിഗണിക്കുന്നു.
(3) അനുയോജ്യമായ ശാരീരിക പുഷ്ടി.
(4) താൽപര്യമുള്ള വിഷയത്തിൽ ദീർഘമായ ശ്രദ്ധ.

**115.** മലയാളത്തിൽ നല്ലരീതിയിൽ ആശയവിനിമയം നടത്തുന്നത് ഏത് മുൻകാലാനുഭവത്തെ അടിസ്ഥാനമാക്കിയായിരിക്കും.
(1) ആശയരൂപീകരണം
(2) പഠനാന്തരണം
(3) ചോദ്യരീതി
(4) അഭിനയരീതി

**116.** നൈപുണികൾ വികസിപ്പിക്കുന്നതിനുള്ള അധ്യാപക പരിശീലനത്തിൽ സിമുലേഷൻ എന്ന സാങ്കേതിക വിദ്യ ഇതിൽ ഏതാണ് ?
(1) പാഠാസൂത്രണം
(2) ക്ലാസ് നടക്കുന്ന മാതൃകയുടെ വീഡിയോ വീക്ഷിച്ച്
(3) മൈക്രോ ടീച്ചിങ്
(4) നല്ല രീതിയിലുള്ള ലക്ചർ നോട്ടുകൾ തയ്യാറാക്കി

**117.** രചനാരീതിയുടെ ഏത് ഘട്ടമാണ് സ്വതന്ത്ര രചനയിലും ബ്രയിൻ സ്റ്റോർമിങ്ങിലും ക്ലസ്റ്ററിങ്ങിലും ആശയമാപ്പിങ്ങിലും ഏറ്റവും മുഖ്യമായിട്ടുള്ളത്
(1) രചനയ്ക്കു മുമ്പെ
(2) പ്രഥമലേഖ്യം
(3) തിരുത്തൽ
(4) പ്രൂഫ് റീഡിംഗ്

**118.** താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ നിങ്ങളുടെ ഭാഷയിൽ ഏതു വ്യാകരണ ഘടനയാണ് ?
ഒരു, നല്ല, പുതിയ, ബുദ്ധിമാനായ, ചീത്ത, എളിയ
(1) നാമം
(2) ക്രിയ
(3) നാമവിശേഷണം
(4) സംജ്ഞാനാമം

**119.** ലിഖിത പ്രവൃത്തി എന്നുള്ളതിനെ ഏറ്റവും ഉചിതമായി അനുക്രമണ രീതിയിൽ പറയാവുന്നത് തന്നിരിക്കുന്നവയിൽ ഏതാണ് ?
(1) ശേഖരണം, ക്രമീകരണം, പ്രഥമലേഖ്യം, പുനർലേഖ്യം
(2) ശേഖരണം, ക്രമീകരണം, പുനർലേഖ്യം, പ്രഥമലേഖ്യം
(3) ക്രമീകരണം, ശേഖരണം, പ്രഥമലേഖ്യം, പുനർലേഖ്യം
(4) പ്രഥമലേഖ്യം, ശേഖരണം, ക്രമീകരണം, പുനർലേഖ്യം

**120.** ഒരു ഭാഷാക്ലാസ്സിൽ സാഹിത്യം _______ വിദ്യാർത്ഥികൾക്ക് നൽകുന്നു.
(1) സംസ്കാരത്തെക്കുറിച്ചു ഒന്നും നൽകുന്നില്ല
(2) ഭാഷയുടെ ആധികാരിക വൈവിധ്യത്തെക്കുറിച്ച്
(3) മലയാളത്തിലെ പുരാതന ശൈലീരീതികളെക്കുറിച്ച്
(4) സങ്കീർണ്ണമായ പദാവലിയെക്കുറിച്ച് അവബോധം നൽകുന്നതിന്

Candidates should answer questions from the following Part only if they have opted for **MALAYALAM** as **LANGUAGE – II.**

## വിഭാഗം V
## ഭാഷാ II
## മലയാളം

**നിർദ്ദേശങ്ങൾ :** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചതിനുശേഷം **121** മുതൽ **129** വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുക്കുക.

ചിത്രകലയും കാവ്യകലയും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി പ്രസിദ്ധ ജർമ്മൻ നിരൂപകനായ ലെസ്സിങ്ങ് (Lessing) പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ ഉദ്ധരിക്കാം.

"ചിത്രത്തിന്റെ ഭാഷ സ്ഥലത്തിൽ നിലകൊള്ളുന്ന രേഖകളും വർണ്ണങ്ങളുമാണ്. കാവ്യത്തിന്റെ ഭാഷയാകട്ടെ കാലത്തിൽ നിലകൊള്ളുന്ന അർത്ഥവത്തായ ശബ്ദസമൂഹമാണ്. വസ്തുവും ഛായയും തമ്മിൽ പരസ്പര ബന്ധമുണ്ടെന്നും അവ ഒരേ സാമാന്യ നിയമത്തിനു വിധേയമാണെന്നുമുള്ളത് തർക്കമറ്റ സംഗതിയായതുകൊണ്ട് ഏകകാലത്തു നിലകൊള്ളുന്ന ഛായകൾ ഏകകാലത്തു നിലകൊള്ളുന്ന വസ്തുക്കളെ, അഥവാ ഏകകാലത്തിലുള്ള അംശങ്ങൾ ചേർന്ന വസ്തുക്കളെ മാത്രമേ പ്രതിബിംബിപ്പിക്കുകയുള്ളൂ. കാലക്രമത്തിനുള്ള ഛായകൾ കാലക്രമത്തിൽ സംഭവിക്കുന്ന വസ്തുതകളെ മാത്രമേ പ്രതിപാദിക്കുകയുള്ളൂ. സ്ഥല നിബദ്ധങ്ങളായി നിലക്കൊള്ളുന്ന വസ്തുക്കൾ ജഡങ്ങളാണ്. തന്മൂലം ദൃശ്യമായ ഗുണങ്ങളോടുകൂടിയ ജഡങ്ങളാണ് ചിത്രകലയുടെ പ്രതിപാദ്യ വിഷയം. നേരെമറിച്ച് കാലക്രമത്തിലുള്ള വസ്തുതകൾ സംഭവങ്ങൾ എന്നു വിളിക്കപ്പെടുന്നു. തന്നിമിത്തം സംഭവങ്ങളാണ് കാവ്യത്തിനു പ്രത്യേക പ്രതിപാദ്യമായ വിഷയം."

ചലനമാണ് കവിതയുടെ ജീവൻ. അതു ചിലപ്പോൾ മന്ദവും ചിലപ്പോൾ ശീഘ്രവുമായിരിക്കാം. എന്നാൽ അതൊരു തടാകമായിപ്പരിണമിച്ചാൽ കവിത അതിന്റെ വിശിഷ്ട സ്വഭാവം കൈവെടിയുകയും ചിത്രകലയുടെ മണ്ഡലത്തിൽ പ്രവേശിക്കയുമാണ് ചെയ്യുന്നത്. വാസവദത്തയുടെ വർണ്ണനയെക്കുറിച്ച് കേട്ടിട്ടുണ്ട്. അതേ ! ചിത്രത്തിലെഴുതിയതുപോലെ ഇരിക്കുന്നു. പക്ഷേ, ചിത്രത്തിൽ എഴുതിയിരുന്നെങ്കിൽ വാസവദത്തയുടെ രൂപം കുറേക്കൂടി സ്പഷ്ടവും യാഥാർത്ഥ്യ പ്രതീതി ജനിപ്പിക്കുന്നതുമാകുമായിരുന്നു.

അദൃശ്യമായ മാനസികലോകത്തിലാണ് കവിത മിക്കപ്പോഴും സ്വച്ഛന്ദം വിഹരിക്കുന്നത്. ദൃശ്യലോകത്തിന്റെ പരിമിതിക്കുള്ളിൽ ഒതുങ്ങിക്കിടക്കുന്ന ചിത്രകാരന് കവിയുടെ ഭാവനാലോകത്തിൽ പ്രവേശിക്കുക സാധ്യമല്ല. അനേകം പേർക്ക് ഇളക്കുവാൻപോലും സാധിയ്ക്കാത്ത ഒരു വലിയ കല്ല് ഒരു ദേവി (മിനർവ) പൊക്കിയെടുത്ത് എറിയുന്നതും ആ ഏറുകൊണ്ട് യുദ്ധ ദേവനായ മാഴ്സ് നിലംപതിച്ച് ഏഴേക്കർ സ്ഥലം മുഴുവൻ വ്യാപിച്ചുകിടക്കുന്നതും ഹോമർ വർണ്ണിക്കുന്നുണ്ട്. ആ ദേവിയെ എങ്ങനെയാണ് ചിത്രത്തിലെഴുതുക ? കല്ലിന്റെ വലിപ്പമനുസരിച്ച് ദേവിയുടെ വലിപ്പം കൂടിയാൽ ദേവിയുടെ ആകൃതി ബീഭത്സമാകുമെന്നു മാത്രമല്ല, ആ സംഭവം അത്ഭുതാവഹമല്ലാതായിത്തീരുകയും ചെയ്യും. നേരെ മറിച്ച് ദേവിയെ ഒരു സാധാരണ സ്ത്രീയേപ്പോലെ ചിത്രീകരിച്ചാൽ ദേവീരൂപവും കല്ലിന്റെ വലിപ്പവും തമ്മിൽ പൊരുത്തമില്ലാതായിത്തീരും.

എന്നാൽ കവിതയുടെ സങ്കല്പലോകത്തിൽ ഈ വക പൊരുത്തക്കേടൊന്നുമില്ല. സ്ഥൂലവും സൂക്ഷ്മവും ദൃശ്യവും അദൃശ്യവും മാനുഷികവും അതിമാനുഷികവും കാവ്യലോകത്തിൽ പരസ്പര സ്പർദ്ധകൂടാതെ ഒന്നു ചേർന്നു വിഹരിക്കുന്നു.

121. കവിതയുടെ ജീവൻ എന്താണ് ?

(1) മന്ദത

(2) ചലനം

(3) വർണ്ണന

(4) ചിത്രീകരണം

122. 'സംഭവങ്ങൾ' എന്നാൽ എന്ത് ?

(1) ഏകകാലത്തു നിലകൊള്ളുന്ന വസ്തുതകൾ

(2) ഏകകാലത്തിലുള്ള അംശങ്ങൾ

(3) കാലക്രമത്തിലുള്ള വസ്തുതകൾ

(4) സ്ഥല നിബദ്ധങ്ങളായ വസ്തുക്കൾ

123. ആരെക്കുറിച്ചുള്ള വർണ്ണനയാണ് ചിത്രത്തിലെഴുതിയപോലെ ഇരിക്കുന്നത് ?

(1) വാസവദത്തയെ

(2) മിനർവയെ

(3) മാഴ്സിനെ

(4) ദേവിയെ

124. രൂപത്തിന്റെയും വലിപ്പത്തിന്റെയും പൊരുത്തക്കേടുകൾ ബാധകമല്ലാത്തത് ഏതിന് ?

(1) അമാനുഷർക്ക്

(2) ദേവീദേവന്മാർക്ക്

(3) ചിത്രകലക്ക്

(4) കവിതയ്ക്ക്

125. വിപരീത പദം തെരഞ്ഞെടുക്കുക.

'സ്ഥൂലം'

(1) സൂക്ഷ്മം

(2) നിസ്ഥൂലം

(3) നിസ്തുലം

(4) വിശാലം

126. ഒറ്റപ്പദമാക്കുക

'ദൃശ്യമല്ലാത്തത്'

(1) അദിശം

(2) സദിശം

(3) അദൃശ്യം

(4) സദൃശ്യം

127. വിഗ്രഹിച്ച് അർത്ഥമെഴുതുക.

'നിസ്തർക്കം'

(1) തർക്കിക്കേണ്ടത്

(2) തർക്കമുള്ളത്

(3) തർക്കത്തോട് കൂടിയത്

(4) തർക്കമില്ലാത്തത്

128. കാവ്യഭാഷയുടെ പ്രത്യേകതയേത് ?

(1) സ്ഥലത്തിൽ നിലകൊള്ളുന്നത്

(2) രേഖകളും വർണ്ണങ്ങളും

(3) ദൃശ്യഗുണമുള്ളത്

(4) കാലത്തിൽ നിലകൊള്ളുന്നത്

129. 'തടസമില്ലാതെ' എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന പദമേത് ?

(1) മന്ദം

(2) സ്പഷ്ടം

(3) സ്വച്ഛന്ദം

(4) ബീഭത്സം

**നിർദ്ദേശങ്ങൾ :** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് **130** മുതൽ **135** വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

ഈ നൂറ്റാണ്ടിൽ നമ്മുടെ വ്യാവസായികാവശ്യങ്ങൾക്കു വേണ്ട അസംസ്കൃത വസ്തുക്കൾ വൻതോതിൽ ലഭ്യമാക്കപ്പെടുന്നത് കാർഷിക വിഭവങ്ങളിൽനിന്നും മറ്റു വന്യ സസ്യജാലങ്ങളിൽനിന്നുമായിരിക്കും. ഉദാഹരണത്തിനു സസ്യജന്യമായ എത്തനോൾ, ഇന്ധനമായുപയോഗിക്കുന്ന ഗ്യാസൊലിൻ എന്നിവ പെട്രോൾ, ഡീസൽ എന്നിവയുടെ സ്ഥാനം പിടിച്ചുപറ്റും. ചോളം, ഉരുളക്കിഴങ്ങ് എന്നിവയിലടങ്ങിയിട്ടുള്ള അന്നജത്തിൽ നിന്നും എത്തനോൾ മാത്രമല്ല ആവശ്യാനുസരണം രൂപപ്പെടുത്താൻപാകത്തിലുള്ള പോളിമറുകൾ ഉണ്ടാക്കുവാനും കഴിയും. ചോളത്തിലെ 100% അന്നജത്തിൽ നിന്നും ജീർണനസ്വഭാവമുള്ള മെത്തകൾ നിർമ്മിക്കുവാൻ കഴിയും. മാത്രമല്ല വ്യാവസായികാടിസ്ഥാനത്തിൽ രാസയൗഗികങ്ങളുടെയും പോളിമറുകളുടെയും നിർമ്മാണാവശ്യത്തിന് ഉപയുക്തങ്ങളായ സിട്രിക് അമ്ലം, ലാക്റ്റിക് അമ്ലം എന്നിവയുടെ ഒരു മുഖ്യ സ്രോതസ്സുകൂടിയാണ് ചോളം.

സാധാരണയായി അച്ചടിമഷിക്കൂട്ടിനായി 'നാം ഉപയോഗിക്കുന്നത് പെട്രോൾ കെമിക്കലിൽ നിന്നുണ്ടാക്കുന്ന മഷിയാണ്. എന്നാൽ സോയാബീൻസിൽനിന്നും ലഭ്യമാകുന്ന എണ്ണ അച്ചടിമഷിക്കായി ഉപയോഗിക്കാൻ കഴിയും എന്ന കണ്ടുപിടിത്തം പരിസ്ഥിതി സംരക്ഷണവാദികളെ സംബന്ധിച്ചിടത്തോളം ആശാവഹമായ കാര്യമാണ്. ഓക്സീകരിക്കപ്പെട്ടിട്ടുള്ള സോയാബീൻ എണ്ണ നിറങ്ങളിലും ചായക്കൂട്ടുകളിലും ഉപയോഗിക്കുന്ന ലായകങ്ങൾക്കു പകരമായി ഉപയോജ്യമാണ്. സസ്യജന്യ എണ്ണകൾ ഗ്ലീസറോളായും മാറ്റാവുന്നതാണ്. സൗന്ദര്യവർധക വസ്തുക്കൾ, സ്ഫോടക വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ ഒരു ഘടകമാണ് ഗ്ലിസറോൾ. സസ്യജന്യ എണ്ണകളുടെ ട്രൈ-ഗ്ലിസറൈഡുകളിൽ വെള്ളം ചേർത്തു രാസപ്രവർത്തനങ്ങളിലൂടെ ഫാറ്റി ആസിഡുകൾ ഉൽപ്പാദിപ്പിക്കാവുന്നതാണ്. സസ്യജന്യ എണ്ണകളുടെ ട്രൈ-ഗ്ലിസറൈഡുകളിൽ ആൽക്കഹോൾ ചേർത്തു പ്രതിപ്രവർത്തിപ്പിച്ച് ഉണ്ടാക്കുന്ന ഫാറ്റി ആസിഡ് എസ്റ്റർ ഡീസൽ ഉൽപ്പാദനത്തിനു വഴിതെളിക്കുന്നു. ആവണക്കെണ്ണയോടു സദൃശ്യമുള്ള ലെസ്ക്യൂറെല്ല എണ്ണ ലിപ്സ്റ്റിക് മുതൽ ജെറ്റ് എൻജിനുകൾക്കുള്ള സ്നേഹകം വരെ ആയി ഉപയോജ്യമാണ് എന്നതും ശ്രദ്ധേയമാണ്. പത്രക്കടലാസു നിർമ്മാണത്തിന് ആവശ്യമായ തോതിൽ പൾപ്പ് ഉൽപ്പാദിപ്പിക്കുന്നതിനു പുതിയ സസ്യ സ്രോതസ്സുകളെ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. മാൽവേസിയേ, ടിലിയേസിയേ, അർട്ടിക്കേസിയേ എന്നീ സസ്യ കുടുംബത്തിൽപ്പെടുന്ന, നാരു പ്രദാനം ചെയ്യാൻ കഴിവുള്ള, സസ്യങ്ങൾ ഈ നൂറ്റാണ്ടിലെ പത്രക്കടലാസു നിർമ്മാണത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനു നിദാനമായിത്തീർന്നേക്കാം. നമ്മുടെ ജൈവ സ്രോതസ്സുകളുടെയും ജൈവസാങ്കേതിക വിദ്യയുടെയും സന്തുലിതമായ ഉപയോഗത്തിലൂടെ നമ്മുടെ സങ്കല്പത്തിനും അതീതമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

**130.** ഒറ്റപ്പദമെഴുതുക.

'ആവശ്യത്തിനുവേണ്ടി'

(1) ആവശ്യാനുസരണം

(2) ആവശ്യാർത്ഥം

(3) അവശ്യപൂർവ്വം

(4) ആവശ്യപൂർവ്വം

131. അച്ചടിമഷിക്കായി ഉപയോഗിക്കാൻ കഴിയുന്ന എണ്ണയേത് ?
(1) ആവണക്കെണ്ണ
(2) ലെസ്ക്യൂറെല്ല എണ്ണ
(3) സോയാബീൻ എണ്ണ
(4) സൂര്യകാന്തിയെണ്ണ

132. സസ്യഎണ്ണകളുടെ ട്രൈ-ഗ്ലിസറൈഡുകൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്നത്
(1) പോളിമറുകൾ
(2) അച്ചടി മഷി
(3) എസ്റ്റർ ഡീസൽ
(4) ലാക്ടിക് അമ്ലം

133. പൾപ്പ് ഉൽപാദനത്തിന് സഹായകമായ നാരു പ്രദാനം ചെയ്യാൻ കഴിവില്ലാത്ത സസ്യകുടുംബമേത് ?
(1) മെമോസിയാസി
(2) മാൽവേസിയേ
(3) ടിലിയേസിയേ
(4) അർട്ടിക്കേസിയേ

134. വിഗ്രഹിച്ച് അർത്ഥമെഴുതുക 'അസംസ്കൃതം'
(1) സംസ്കൃത ഭാഷയല്ലാത്തത്
(2) സംസ്കരിക്കാനാവാത്തത്
(3) സംസ്കരിക്കപ്പെടാത്തത്
(4) സംസ്കരിക്കാൻ കഴിയാത്തത്

135. കാർഷികോൽപന്നങ്ങളിൽ നിന്ന് വ്യവസായാവശ്യങ്ങൾക്കു വേണ്ട അസംസ്കൃത വസ്തുക്കൾ ഉണ്ടാക്കുന്നതിന് ഉദാഹരണമാണ്
(1) ചായങ്ങൾ തയ്യാറാക്കുന്നത്
(2) കൽക്കരി ഖനനം ചെയ്യുന്നത്
(3) പെട്രോളിയം സംസ്കരിക്കുന്നത്
(4) അന്നജത്തിൽ നിന്ന് എത്തനോൾ രൂപപ്പെടുത്തുന്നത്

**നിർദ്ദേശങ്ങൾ :** ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തു ഉത്തരമെഴുതുക.

136. വായനാപരീക്ഷയിൽ എങ്ങനെയാണ് മാർക്കുകൾ കൊടുക്കുന്നത് ?

| | |
|---|---|
| ചോദ്യം : | ധർമ്മശാല എവിടെ സ്ഥിതി ചെയ്യുന്നു ? |
| ഉത്തരം (1) | : ഹിമാചൽ പ്രദേശിൽ |
| ഉത്തരം (2) | : ധർമ്മശാല ഹിമാചൽ പ്രദേശിൽ സ്ഥിതിചെയ്യുന്നു. |

(1) 2-ാമത്തെ ഉത്തരത്തിന് 2 മാർക്കും 1-ാമത്തെ ഉത്തരത്തിന് പൂജ്യവും.
(2) 1-ാമത്തെ ഉത്തരത്തിന് 1 മാർക്കും, 2-ാമത്തെ ഉത്തരത്തിന് 2 മാർക്കും.
(3) 1-ാമത്തെ ഉത്തരത്തിന് 2 മാർക്കും 2-ാമത്തെ ഉത്തരത്തിന് 2 മാർക്കും.
(4) 2-ാമത്തെ ഉത്തരത്തിന് 1½ മാർക്കും 1-ാമത്തെ ഉത്തരത്തിന് 1 മാർക്കും.

137. വ്യാപകമായ വായന എന്നത്
(1) അപരിചിതമായ വാക്കുകളുടെ അർത്ഥം ഊഹിക്കുക.
(2) ഒരു വിഷയത്തെക്കുറിച്ച് ആസ്വാദനത്തിനും ധാരണയുണ്ടാക്കുന്നതിനും പൊതുവായ വായന നടത്തുക.
(3) മുഖ്യവിഷയവസ്തുവിനെക്കുറിച്ചു മനസ്സിലാക്കുന്നതിന്.
(4) ഒരു ടെക്സ്റ്റിന്റെ ആകെ മൊത്തമുള്ള ഉള്ളടക്കത്തെക്കുറിച്ച് പ്രവചിക്കുന്നതിന്.

**138.** ശ്രവ്യശേഷി അളക്കുന്നതിന് അധ്യാപകൻ ഒരു പ്രവൃത്തി ഏർപ്പെടുത്തി. അത് ഏതായിരിക്കും ?

(1) ഒരു ദൃശ്യരൂപത്തെ വിദ്യാർത്ഥികൾ വ്യാഖ്യാനിക്കുന്നത്

(2) ഒരു ചെറിയ ഫിലിം കണ്ടതിനുശേഷം അതിനെക്കുറിച്ചു നിരൂപണം ചെയ്യുന്നത്

(3) ഒരു ഓഡിയോ റെക്കോർഡിങ്ങിനെ അടിസ്ഥാനമാക്കി ഒരു പട്ടിക പൂരിപ്പിക്കുന്നത്

(4) വിദ്യാർത്ഥികൾ ഉച്ചത്തിൽ പാരായണം നടത്തുന്നത്

**139.** അന്വേഷിച്ചു കണ്ടെത്തുന്ന പഠന രീതിയിൽ

(1) ഒരു ടാസ്ക് അധ്യാപകൻ സ്ഥാപിക്കുകയും വിദ്യാർത്ഥികൾ പഠിക്കുന്നതിന് സഹായിക്കുകയും പിൻതാങ്ങുകയും ചെയ്യുന്നത്

(2) അവരവരുടെ രീതിയിൽ വിദ്യാർത്ഥികൾ അന്വേഷണം നടത്തി പഠിക്കുന്നത്

(3) മേൽ സൂചിപ്പിച്ച 1-ഉം 2-ഉം

(4) മേൽ സൂചിപ്പിച്ച 2-മാത്രം

**140.** നിരീശ്വരവാദമെന്നത് പ്രവാചകനിൽ വിശ്വസിക്കാത്തവർ ഇവിടെ ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപം

(1) ശ്ലേഷം

(2) അതിശയോക്തി

(3) മൃദ്യുക്തി

(4) പ്രതീകാത്മകം

**141.** വാഹനം ഓടിക്കുന്നതിൽ മോണ മാറ്റുകൂട്ടാനുണ്ട്. അടിവരയിട്ടിരിക്കുന്ന വാക്യങ്ങൾ

(1) മോണയുടെ വാഹനം ഓടിക്കാനുള്ള മികവിനെക്കുറിച്ചുള്ളതാണ്

(2) മോണ ശ്രദ്ധാപൂർവ്വം വാഹനം ഓടിക്കുന്നതിനെക്കുറിച്ച്

(3) വാഹനം ഓടിക്കുന്നതിൽ മോണ മോശമായ രീതിയിലാണെന്നുള്ളതിനെക്കുറിച്ചുള്ള മൃദ്യുക്തിയാണ്

(4) പൂർവ്വകാലത്തും വർത്തമാനാവസ്ഥയിലും മോണ വാഹനം ഓടിക്കുന്നതിനെക്കുറിച്ചുള്ള താരതമ്യമാണ്.

**142.** ഒരു വായന സാമഗ്രികളുമില്ലാതെ പ്രി-റീഡിംങ് കാലഘട്ടത്തിൽ ചർച്ച നടത്തുന്നതിനെ താഴെ കൊടുത്തിരിക്കുന്നതിൽ ഏതുമായി ബന്ധപ്പെടുത്താം ?

(1) പ്രജന-രചനാന്തര വ്യാകരണം

(2) റസ്സിയാസ് രീതി

(3) വ്യാകരണം - തർജ്ജമ രീതി

(4) ശ്രവണ - ഭാഷണ തന്ത്രം

143. ചിഹ്നം : താഴെ കൊടുത്തിരിക്കുന്നവയിൽനിന്ന് ഏറ്റവും ഉചിതമായത് തെരഞ്ഞെടുക്കുക.

ഒരു അപ്പോയിന്റുമെന്റു കിട്ടാൻ നിങ്ങൾ, ________ സംസാരിക്കണം.

(1) രാഹുൽ – അവൻ പട്ടേൽ ബാബുവിന്റെ സെക്രട്ടറി

(2) രാഹുൽ, പട്ടേൽ ബാബുവിന്റെ സെക്രട്ടറിയോട്

(3) രാഹുൽ. അവൻ പട്ടേൽ ബാബുവിന്റെ സെക്രട്ടറി

(4) രാഹുൽ – അവൻ പട്ടേൽ ബാബുവിന്റെ സെക്രട്ടറിയോട്

144. പൊതുവായതും സ്പെഷ്യൽ എഡ്യുക്കേഷനും തമ്മിൽ വ്യത്യസ്തപ്പെടുത്താത്ത സ്കൂളുകളെ ________ എന്നു വിളിക്കുന്നു.

(1) പ്രത്യേക

(2) അനന്യ സാധാരണമായ

(3) പ്രബുദ്ധ

(4) ഉൾക്കൊള്ളിക്കുന്ന

145. ഒരു പഠനകാലത്തിന്റെ അന്ത്യത്തിൽ ശ്രവ്യ-ഗ്രഹണത്തെയും പ്രഭാഷണത്തെയും വായനയെയും രചനാസിദ്ധിയെയും കുറിച്ചു അധ്യാപകൻ വിദ്യാർത്ഥികളുടെയിടയിൽ പരീക്ഷ നടത്തിയാൽ ഈ മൂല്യനിർണ്ണയ രീതിയുടെ ഉദ്ദേശ്യം

(1) ഭാഷാ സമാർജനത്തിൽ വിദ്യാർത്ഥിയുടെ തല്പരത നിർണ്ണയിക്കുന്നതിനാണ്.

(2) പാഠ്യ ലക്ഷ്യങ്ങൾ നിർവചിക്കാൻ അധ്യാപകനെ സഹായിക്കുന്നു.

(3) വിദ്യാർത്ഥിയുടെ മൊത്തത്തിലുള്ള ഭാഷാശേഷി നിർണ്ണയിക്കുന്നതിന്.

(4) ഭാഷാ ക്ലാസ്സുകളെക്കുറിച്ച് വിദ്യാർത്ഥികൾക്കുള്ള തല്പരത നിർണ്ണയിക്കുന്നതിന്.

146. ഇ-പഠനമെന്നത്

(1) വിദൂര വിദ്യാഭ്യാസം

(2) ഹാർഡ്‌വെയറുമായി പരിപൂർണ്ണമായി ഉദ്ഗ്രഥിക്കുന്നത്

(3) സാങ്കേതിക വിജ്ഞാനം പ്രയോഗിച്ചു ബ്ലണ്ടഡ് ലേർണിംങ് (സംയോജിത പഠനം) നടത്തുക

(4) ഡോക്യുമെന്ററി ചിത്രങ്ങൾ

147. ആധികാരികമായ സാമഗ്രികൾ ഒരു അധ്യാപകൻ തമിഴിലെ വായന പാഠത്തിൽ താല്പര്യപ്പെടുകയാണെങ്കിൽ താഴെ കൊടുത്തിരിക്കുന്നവയിൽ ഒന്ന് ഒഴികെ എല്ലാം പ്രയോജനപ്പെടുത്താം, അത് ഏതാണ് ?

(1) തമിഴ് വാർത്താപത്രിക

(2) മധുരയെക്കുറിച്ചു ഇംഗ്ലീഷ് പത്രത്തിൽ വന്ന ലേഖനത്തിന്റെ തമിഴ് പരിഭാഷ

(3) തമിഴ്നാട്ടിലെ ഒരു കമ്പനി തമിഴിലുള്ള ഒരു അപേക്ഷാ ഫാറം

(4) കോയമ്പത്തൂരിലെ തെരുവുകളുടെ ചിഹ്നങ്ങളെക്കുറിച്ചുള്ള ഛായാചിത്രം

148. ഒരു അവാചിക വൃത്തിയായ ആശയവിനിമയം എന്നത്

(1) വാമൊഴി

(2) ആംഗ്യങ്ങൾ

(3) സംഖ്യകൾ

(4) അച്ചടി പദങ്ങൾ

149. സഹകരണ സംഘ പഠനത്തിൽ താഴെ കൊടുത്തിരിക്കുന്നവയിൽ എല്ലാം അനുകൂലമായിട്ടുള്ള കാര്യങ്ങളാണ്, പക്ഷെ ഒന്നുമാത്രം അല്ല. അതേതാണ് ?

(1) വിദ്യാർത്ഥികളുടെ പരിശീലനത്തിനു കൂടുതൽ ക്ലാസ്സു സമയം ചെലവാക്കുന്നു.

(2) വളരെ ശാന്തമായ അച്ചടക്കത്തോടുകൂടി ക്ലാസ്സന്തരീക്ഷം

(3) അധ്യാപക കേന്ദ്രിതമായ ബോധന രീതിയ്ക്കു പകരം

(4) വേഗത്തിൽ നിരുത്സാഹപ്പെടുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനു സഹപാഠികളെ പങ്കെടുപ്പിച്ചുകൊണ്ട്

150. വായനയിൽ നിഗമനം എന്ന ശേഷി താഴെ കൊടുത്തിരിക്കുന്ന ഏതിനെ അടിസ്ഥാനമാക്കിയിരിക്കുന്നു ?

(1) അലിഖിത കാര്യങ്ങളെക്കുറിച്ച് വായനയ്ക്കുവേണ്ടി പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളെ ആസ്പദമാക്കി ബന്ധപ്പെടുത്തൽ.

(2) വായനയ്ക്കുവേണ്ടി നടത്തിയ തെരഞ്ഞെടുപ്പിൽ വിവരങ്ങളെ പല ഭാഗങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതുമായി ബന്ധപ്പെടുത്തുന്നത്.

(3) വായനയ്ക്കുവേണ്ടി തെരഞ്ഞെടുത്തതുമായി വച്ചുകൊണ്ടു ഊഹം നടത്തുക.

(4) സാധാരണ പരിചിതമില്ലാത്ത വാക്കുകളുടെ അർത്ഥത്തിനു വേണ്ടി നോക്കുക.

## SPACE FOR ROUGH WORK

**താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല / കറുപ്പ് പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിയ്ക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
2. ഉത്തരക്കടലാസ്സ് മടക്കുകയോ അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ ആവരുത് എന്ന് പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. വ്യക്തപ്പെടുത്തിയ ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
3. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
4. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതയും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
5. അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ അഡ്മിറ്റ് കാർഡ് ഒഴിച്ച് മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
6. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
7. ഇൻവിജിലേറ്ററിന്റെ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
8. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കാതെയും പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കോഡുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, തെറ്റായ രീതി കൈക്കൊണ്ടതായും കണക്കാക്കും.
9. വൈദ്യുതി ഉപയോഗിച്ചോ/മാനുഷികമായതോ ആയ കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
10. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാദ്ധ്യമാണ്. തെറ്റായ രീതിയിലുള്ള എല്ലാ രീതികളും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
11. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.
12. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

**READ CAREFULLY THE FOLLOWING INSTRUCTIONS:**

1. Out of the four alternatives for each question, only one circle for the correct answer is to be darkened completely with Blue/Black Ball Point Pen on Side-2 of the OMR Answer Sheet. The answer once marked is not liable to be changed.
2. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
3. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
4. The candidates will write the correct Test Booklet Code and Number as given in the Test Booklet / Answer Sheet in the Attendance Sheet.
5. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
6. Each candidate must show on demand his / her Admission Card to the Invigilator.
7. No candidate, without special permission of the Superintendent or Invigilator, should leave his / her seat.
8. The candidates should not leave the Examination Hall without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where a candidate has not signed the Attendance Sheet a second time will be deemed not to have handed over the Answer Sheet and dealt with as an unfair means case.
9. Use of Electronic / Manual Calculator is prohibited.
10. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall. All cases of unfair means will be dealt with as per Rules and Regulations of the Board.
11. No part of the Test Booklet and Answer Sheet shall be detached under any circumstances.
12. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Room / Hall.** ***The candidates are allowed to take away this Test Booklet with them.***

**निम्नलिखित निर्देश ध्यान से पढ़ें :**

1. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के पृष्ठ-2 पर केवल एक वृत्त को ही पूरी तरह नीले/काले बॉल पॉइन्ट पेन से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
2. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
3. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
4. परीक्षा पुस्तिका / उत्तर पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाज़िरी-पत्र में लिखें ।
5. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश कार्ड के सिवाय किसी प्रकार की पाठ्य सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
6. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-कार्ड दिखाएँ ।
7. अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
8. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं हाज़िरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार हाज़िरी-पत्र पर हस्ताक्षर नहीं किए तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा ।
9. इलेक्ट्रॉनिक / हस्तचालित परिकलक का उपयोग वर्जित है ।
10. परीक्षा-हॉल में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा ।
11. किसी हालत में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
12. **परीक्षा सम्पन्न होने पर, परीक्षार्थी कक्ष / हॉल छोड़ने से पूर्व उत्तर पत्र कक्ष-निरीक्षक को अवश्य सौंप दें ।** ***परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।***

SEAL